<u>15 -ാം കേരള നിയമസഭ</u>

<u>1 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 757</u> <u>10-06-2021 - ൽ മറുപടിയ്ക്ക്</u>

<u>വടകര മണ്ഡലത്തിലെ പ്രവൃത്തികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | വടകര നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചിട്ടില്ലാത്തതുമായ പ്രവൃത്തികൾ ഏതൊക്കെയാണ്; | (എ) | വടകര നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചിട്ടില്ലാത്തതുമായ നിരത്തു വിഭാഗത്തിനു കീഴിലുള്ള പ്രവൃത്തികൾ: 1) വെള്ളിക്കുളങ്ങര-ഒഞ്ചിയം കണ്ണൂക്കര മാടാക്കര റോഡ് കി.മീ 1/500 മുതൽ 6/000 വരെ പുനരുദ്ധാരണ പ്രവൃത്തി 2) മലോൽ മുക്ക് - അക്ലോത്ത് നട വൈക്കിലശ്ശേരി റോഡ് കി.മീ 2/200 മുതൽ 5/427 വരെ പ്രവൃത്തി അഭിവൃദ്ധിപ്പെടുത്തൽ. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി വടകര വില്ല്യാപ്പള്ളി ചേലക്കാട് റോഡ്, മുട്ടൻക്കൽ - പക്രാന്തലം റോഡ് എന്നീ രണ്ട് പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭ്യമായത്. കെട്ടിടവിഭാഗത്തിനു കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഭരണാനുമതി ലഭിച്ചതും ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ചതുമായ പ്രവൃത്തികൾ ഏതൊക്കെയാണ്; | (ബി) | പ്രവൃത്തികൾ ഒന്നും തന്നെയില്ല. |
| (സി) | മുൻകാലങ്ങളിൽ തുടങ്ങിവച്ചതും പൂർത്തിയാക്കാനാവാതെ ഉപേക്ഷിക്കുകയോ നിർത്തിവയ്ക്കുകയോ ചെയ്തിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണ്; | (സി) | കെട്ടിടവിഭാഗത്തിനു കീഴിൽ ഗവ. പോളിടെക്നിക് കോളേജ് വടകര ലേഡീസ് ഹോസ്റ്റൽ നിർമ്മാണം - വെള്ളപ്പൊക്ക ഭീഷണിയുള്ള സ്ഥലമായതിനാലും പരിസരവാസികളുടെ എതിർപ്പുമൂലവും ഉപേക്ഷിച്ചു. |
| (ഡി) | നിലവിലെ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ളതും ടോക്കൺ പ്രൊവിഷൻ വച്ചിട്ടുള്ളതുമായ പ്രവൃത്തികൾ ഏതെല്ലാം; | (ഡി) | കെട്ടിട വിഭാഗത്തിനു കീഴിൽ 20% തുക വകയിരുത്തി ഇടപ്പള്ളി ഗവൺമെന്റ് കോളേജ് സയൻസ് ബ്ലോക്ക് നിർമ്മാണത്തിനായി 1000 ലക്ഷം, വടകര മടപ്പള്ളി സ്കൂളിന് സ്പോർട്സ് കോംപ്ലക്സ് കം ക്ലാസ്സ് റൂം നിർമ്മിക്കുന്നതിന് ടോക്കണിൽ 700 ലക്ഷം |
| (ഇ) | നിലവിൽ പദ്ധതി സമർപ്പിച്ചിട്ടുള്ളതും ഭരണാനുമതി | (ഇ) | നിരത്തു വിഭാഗത്തിനു കീഴിൽ NABARD RIDF |

| | | | |
|---|---|---|---|
| | ലഭിക്കാത്തതുമായ പദ്ധതികൾ ഏതെല്ലാം; | | XXVI (2020-21) സ്കീമിൽ ഉൾപ്പെടുത്തി തുരിത്ത്മുക്ക് കാഞ്ഞിരക്കടവ് റോഡ് കി.മീ 0/000 മുതൽ 3/200 വരെ പ്രവൃത്തി അഭിവൃദ്ധിപ്പെടുത്തൽ. പാലം വിഭാഗത്തിനു കീഴിൽ കണ്ണൂക്കര റെയിൽവേ ക്രോസ്സിന് ഫ്ലൈ ഓവർ നിർമ്മിക്കുന്നതിന് വേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കെട്ടിടവിഭാഗത്തിനു കീഴിൽ: 1. മടപ്പള്ളി കോളേജിൽ സെമിനാർ കോംപ്ലക്സ് നിർമ്മാണം 2. കുടുംബകോടതി, വടകര – 258 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിലും 820 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതിക്കുള്ള നടപടികളെടുത്തു വരുന്നു. |
| (എഫ്) | മണ്ഡലത്തിൽ പുതുതായി അടിയന്തര പ്രാധാന്യത്തോടെ ചെയ്യേണ്ടതായ പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ? | (എഫ്) | നിരത്തു വിഭാഗത്തിനു കീഴിൽ കുട്ടങ്ങാരം മലോൽമുക്ക് അക്ലോത്ത് നട വൈക്കിലശ്ശേരി റോഡ് കി.മീ 0/000 മുതൽ 2/200 വരെ പ്രവൃത്തി അഭിവൃദ്ധിപ്പെടുത്തൽ- ആവശ്യമായ തുക 4.00 കോടി. നിലവിൽ നാഷണൽ ഹൈവേയുടെ അധികാര പരിധിയിലുള്ള റോഡ് ഇപ്പോൾ ഡിഫക്റ്റ് ലയബിലിറ്റി പീരീയിഡിൽ ആണ്. അതിന് ശേഷം എൻ.എച്ച്.എ.ഐയ്ക്ക് കൈമാറുന്നതാണ്. കെട്ടിടവിഭാഗത്തിനു കീഴിൽ: 1. വടകര കോടതി കോംപ്ലക്സ് റിപ്പയറിനുള്ള പെയിന്റിംഗ് പ്രവൃത്തി 2. മടപ്പള്ളി കോളേജിൽ വിവിധോദ്ദേശ്യ ഇൻഡോർ സ്റ്റേഡിയം ബാക്കി പ്രവൃത്തികൾ എന്നിവ അടിയന്തര പ്രധാന്യത്തോടെ ചെയ്യേണ്ടതായുണ്ട്. |

സെക്ഷൻ ഓഫീസർ